**"ഭരണഭാഷ- മാതൃഭാഷ"**

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ഒളവണ്ണ ഗ്രാമ പഞ്ചായത്ത് -കുടിവെള്ള വിതരണത്തിന് ചെലവായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1522/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/08/2020

---

പരാമർശം:- 1 ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04/03/2020 ലെ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 25/06/2020 ലെ PAN/6511/2020-J7(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**കോഴിക്കോട് ജില്ല,** ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 2019 ൽ രൂക്ഷമായ വരൾച്ചയെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ രണ്ട് വില്ലേജുകളിലായി പ്രത്യേകം കുടിവെള്ള വിതരണത്തിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ഭരണ സമിതി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വില്ലേജുകളിലായി 4000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്ക് ഉപയോഗിച്ച് ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തി. കുടിവെള്ള വിതരണത്തിന് ആകെ നാൽപത്തഞ്ച് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അൻപത്തി ഒൻപത് രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിന്നും അധികരിച്ച് കുടിവെള്ള വിതരണം നടത്തിയ വകയിൽ 2882059/- രൂപ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം 1 ലെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 2019 ൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ സർക്കർ ഉത്തരവുകളിൽ നിന്നും അധികരിച്ച് ഗ്രാമപഞ്ചായത്തിന് ചെലവായ 2882059/- രൂപ (ഇരുപത്തെട്ട് ലക്ഷത്തിഎൺപത്തി രണ്ടായിരത്തി അൻപത്തി ഒൻപത് രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

സെക്രട്ടറി ഒളവണ്ണ ഗ്രാമപഞ്ചായത്ത്

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്

Signature Not Verified

Digitally signed by S BINDU
Date: 2020.08.17 17:01:24 IST
Reason: Approved